**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2574** **24-06-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള വ്യവസായ നയത്തിലൂടെ വ്യവസായ മേഖലയുടെ വികസനത്തിനായി പ്രഖ്യാപിച്ച പുതിയ പദ്ധതികളും നയങ്ങളും വിശദമാക്കാമോ; | (എ) | വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽകാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെ വ്യവസായ നയം, 2023 സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് നിക്ഷേപത്തിനും സംരംഭകത്വ ത്തിനും അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരു ന്നത്. വ്യവസായ വാണിജ്യ മേഖലയിൽ സംസ്ഥാന സർക്കാർ പുതിയതായി ആവിഷ്കരിച്ചുവരുന്ന നയങ്ങളും പദ്ധതികളും അടിസ്ഥാനമാക്കി വ്യവസായ സംരംഭകത്വത്തിന് ഊന്നൽ നൽകുന്ന രീതിയിൽ പുറപ്പെടുവിച്ച പുതിയ നിയമ നിർമ്മാണങ്ങളും നിയമ ഭേദഗതികളും മുൻനിർത്തിയും കേരളത്തെ പരിസ്ഥിതി സൗഹൃദ രീതിയിൽ ശക്തമായ നിക്ഷേപ സംസ്ഥാനമാക്കി മാറ്റുന്നതിനും സംയോജിത നടപടികളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് സമഗ്രമായ വ്യവസായ നയം ആവിഷ്കരിച്ചിട്ടുള്ളത്. പരിവർത്തന കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം സജ്ജമാക്കുന്നതിനും നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിക്കുന്നതിനും നവീന ആശയങ്ങൾ വളർത്തുന്നതിനും തദ്വാര സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകരമായ രീതിയിൽ 7 സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | മുന്നോട്ടു വയ്ക്കുന്ന രീതിയിൽ ആണ് കേരള വ്യവസായ നയം 2023 അംഗീകരിച്ച് ഉത്തരവായിട്ടുള്ളത്.<br><br>വ്യവസായനയം അനുസരിച്ച് 22 മുൻഗണനാ മേഖലകളിൽ സ്ഥാപിക്കുന്ന വ്യവസായങ്ങൾക്ക് താഴെപറയുന്ന 18 സാമ്പത്തിക ആനുകൂല്യങ്ങളാണ് നൽകുന്നത്:<br><br>1.കുറഞ്ഞപലിശ വായ്പകൾ<br><br>2. മൂലധന സബ്സിഡി ഇൻസെൻറ്റീവ്<br><br>3. ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കൽ<br><br>4. ഐ.പി.ഓ വഴിയുള്ള ധനസമാഹാരം<br><br>5. നിക്ഷേപ സബ്സിഡി<br><br>6. എസ്.ജി.എസ്.റ്റി റീഇംബേഴ്സ്മെന്റ്<br><br>7. തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം<br><br>8. നിർമാണ യൂണിറ്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കൽ<br><br>9. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ<br><br>10. വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനം<br><br>11. ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിന് ആനുകൂല്യം<br><br>12. ഗുണനിലവാര സെർട്ടിഫിക്കേഷൻ എടുക്കുന്നതിന് പ്രോത്സാഹനം<br><br>13. സുസ്ഥിരതയ്ക്കും ഉത്തരവാദിത്ത വ്യവസായവല്ക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ<br><br>14. നിർമാണമേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്ക് സഹായം<br><br>15. ഗവേഷണ വികസന പ്രോത്സാഹനം<br><br>16. സ്റ്റാർട്ടപ്പുകൾക്കായുള്ള സ്കെയിൽ അപ്പ് പ്രോത്സാഹനം<br><br>17. മെയ്ഡ് ഇൻ കേരള (ബ്രാൻഡിങ്ങും മാർക്കറ്റിംഗും)<br><br>18. Production Linked Incentive (PLI) നിക്ഷേപകരെ ആർഷിക്കുന്നതിന് പ്രത്യേക പാക്കേജ്. |

| | | | |
|---|---|---|---|
| (ബി) | മേക്ക് ഇൻ കേരള സംരംഭത്തിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനവും തൊഴിൽ സംരംഭങ്ങളും നിക്ഷേപ സാധ്യതകളും വർധിപ്പിക്കുന്നതിനായി മേക്ക് ഇൻ കേരള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.<br><br>അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങൾ തദ്ദേശീയമായി ഉല്പാദിപ്പിക്കു ന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ''മേക്ക് ഇൻ കേരള'' പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി മൂലം എം.എസ്.എം.ഇ-കൾ നേരിടുന്ന നിലവിലുള്ള വെല്ലുവിളികളെ പരിഹരിക്കുന്നതിനും, ഇറക്കുമതി ബദൽ പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സംസ്ഥാനത്തെ ഉല്പാദന മേഖലയെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി സമഗ്രമായ ഒരു പദ്ധതിയായിട്ടാണ് ''മേക്ക് ഇൻ കേരള'' നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>മേക്ക് ഇൻ കേരള പദ്ധതിയുടെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ മൂന്നു വർഷത്തെ കാലയളവിനു ള്ളിൽ പൂർത്തീകരിക്കുവാനായി വിഭാവനം ചെയ്തിട്ടുണ്ട്. അവ ചുവടെ പറയുന്ന 6 മേഖലകൾക്ക് കീഴിൽ നടപ്പാക്കുവാൻ ആണ് ഉദ്ദേശിക്കുന്നത്:<br><br>**1. പെർസെപ്ഷൻചേഞ്ച്**<br><br>കേരളത്തിലെ വ്യവസായ അന്തരീക്ഷത്തെ കുറിച്ചുള്ള പൊതു കാഴ്ചപ്പാട് മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ; കേരളം കൂടുതൽ വ്യവസായ സൗഹൃദം ആയതിനെക്കുറിച്ചുള്ള വിവരം പൊതുസമൂഹത്തിനിടയിൽ പ്രചരിപ്പിക്കുക; അതുവഴി നൂതന നിക്ഷേപങ്ങൾ സംസ്ഥാനത്തിലോട്ട് എത്തിക്കുക<br><br>**2. ധനകാര്യ ലഭ്യത ഉറപ്പുവരുത്തുക**<br><br>സ്ഥിരമൂലധനം/പ്രവർത്തന മൂലധനം/ മാർക്കറ്റിംഗ്/ സാങ്കേതികവിദ്യ/ അഡ്മിനിസ്ട്രേറ്റീവ് സഹായങ്ങൾ എന്നിവയുൾ പ്പെടെ എംഎസ്എംഇ-കൾക്ക് ആകർഷക മായ ഇൻസെന്റീവുകൾ പുതിയ വ്യാവസായിക നയത്തിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>**3. മേഖല അടിസ്ഥാനമാക്കിയുള്ള പ്രവർത്തനം**<br><br>സംസ്ഥാനത്തെ ഇറക്കുമതി കുറയ്ക്കുന്നതിനും കയറ്റുമതി കൂട്ടുന്നതിനും വേണ്ടി വിശദമായ പഠനം നടത്തുകയും, ആഭ്യന്തര ഉൽപാദനം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിനായി ഏതെല്ലാം മേഖലകളിൽ കൂടുതൽ ഊന്നൽ നൽകണമെന്ന് തിരിച്ചറിഞ്ഞു അവയ്ക്കായി തന്ത്രപരമായ പദ്ധതികൾ ആവിഷ്കരിക്കുക<br><br>**4. ഭൂമിയുടെ ലഭ്യത**<br><br>പ്രൈവറ്റ് വ്യവസായ പാർക്കുകൾ, ക്യാമ്പസ് വ്യവസായ പാർക്കുകൾ, എന്നി പദ്ധതികളിലൂടെ സംസ്ഥാനത്തെ വ്യവസായത്തിനുള്ള സ്ഥല ലഭ്യത ഉറപ്പാക്കുക<br><br>**5. മാർക്കറ്റിംഗ് & പ്രമോഷൻ**<br><br>ഗുണനിലവാര പരിശോധനാകേന്ദ്രങ്ങൾ സ്ഥാപിക്കുക, ബ്രാൻഡിംഗ്, പാക്കേജിംഗ് എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന പ്രത്യേക ഗവേഷണ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുക, ഓൺലൈൻ / ഇ-കൊമേഴ്സ് ചാനലുകളിൽ ഉൽപ്പന്നങ്ങൾ ഓൺബോർഡ് ചെയ്യുക, തദ്ദേശീയ ഉല്പ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക, കയറ്റുമതി ചാനലുകൾ ശക്തിപ്പെടുത്തുക തുടങ്ങിയവ<br><br>**6. ടെക്നോളജി & ഇന്നൊവേഷൻ**<br><br>അത്യാധുനിക ഉൽപാദന പരിശീലന സൗകര്യങ്ങളുള്ള സംസ്ഥാനതല ടെക്നോളജി സെന്റർ സ്ഥാപിക്കുക, ഉൽപാദനരംഗത്ത് നൂതന സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ |

സെക്ഷൻ ഓഫീസർ